**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1816** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി ഗവ.കോളേജിനായി സ്ഥലമേറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനായി സ്ഥലമേറ്റെടുക്കാൻ അനുമതിയായിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലം ആണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനുവേണ്ടി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>കൊണ്ടോട്ടി സർക്കാർ കോളേജിന് സ്വന്തമായി കളിസ്ഥലം, ഹോസ്റ്റൽ നിർമ്മാണം മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി കോളേജിന്റെ 200 മീറ്റർ പരിധിയിൽ ഉള്ള 2.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി 3,12,50,000/- രൂപയ്ക്കുള്ള (മൂന്ന് കോടി പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്.ഭൂമിയുടെ പൊന്നും വില നടപടികൾ സ്വീകരിക്കുന്നതിലേക്കായി കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും മലപ്പുറം ജില്ലാ കളക്ടറുടെ കാര്യാലയത്തിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്.<br><br>കൊണ്ടോട്ടി സർക്കാർ കോളേജിന് സ്വന്തമായി കളിസ്ഥലം, ഹോസ്റ്റൽ നിർമ്മാണം മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി കോളേജിന്റെ 200 മീറ്റർ പരിധിയിൽ ഉള്ള 2.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി 3,12,50,000/- രൂപയ്ക്കുള്ള (മൂന്ന് കോടി പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്.ഭൂമിയുടെ പൊന്നും വില നടപടികൾ സ്വീകരിക്കുന്നതിലേക്കായി കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും മലപ്പുറം ജില്ലാ കളക്ടറുടെ കാര്യാലയത്തിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്നും അവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | റവന്യൂ വകുപ്പിൽ നിന്നും Detailed Value Statement (DVS) തുക കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടിക്രമം പൂർത്തീകരിക്കുന്നതിലേക്കുള്ള ഫണ്ട് വകയിരുത്തതിന് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ